## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 454      11.12.2012 ലെ മറുപടിക്ക്

### കാവലില്ലാ ലവൽക്രോസുകളിൽ അപകടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാവലില്ലാ ലവൽക്രോസുകളിൽ ഉണ്ടായ അപകടങ്ങളിൽ മരണപ്പെട്ടവർക്കും , പരിക്കേറ്റവർക്കും റെയിൽവെയിൽ നിന്നും അർഹമായ സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ആളില്ലാ ലവൽ ക്രോസുകളിൽ അപകടങ്ങളിൽപ്പെടുന്നവർക്ക് നഷ്ടപരിഹാരം നല്കുവാൻ നിലവിലുള്ള റയിൽവേ നിയമപ്രകാരം വ്യവസ്ഥയില്ല. റയിൽവേ 'പെർമനന്റ് വെ' ആയതിനാൽ റോഡ് യാത്രാക്കാരാണ് സൂക്ഷിക്കേണ്ടത്. എന്നിരുന്നാലും അരൂരിലെ അപകടത്തിൽ മരണപ്പെട്ടവരുടെ അടുത്ത ബന്ധുക്കൾക്ക് രണ്ട് ലക്ഷം രൂപ വീതം റയിൽവേ നല്കിയിട്ടുണ്ട്. |
| (ബി) | അരൂരിലെ കാവലില്ലാ ലെവൽക്രോസിൽ ട്രെയിൻ കാറിലിടിച്ച് മരണപ്പെട്ടവർ ആരൊക്കെയാണ്; മരിച്ചവരുടെ കുടുംബങ്ങൾക്ക് ഇതിനകം റയിൽവേ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; | (ബി) | അരൂരിലെ കാവലില്ലാ ലെവൽക്രോസിൽ ട്രെയിൻ കാറിലിടിച്ച് മരണപ്പെട്ടവരുടെ പേരുവിവരം താഴെപ്പറയുന്നു:<br>(i) സുമേഷ്, കളത്തിൽ വീട്, വാർഡ് നം. 17, അരൂർ.<br>(ii) നാരായണൻ, കൊടുംപാറയിൽ വീട് , പെരുമ്പളം പി.ഒ, ചേർത്തല.<br>(iii) നെൽഫിൻ, നെട്ടുപുരയ്ക്കൽ വീട്, അരൂർ, ആലപ്പുഴ ജില്ല.<br>(iv) കാർത്തികേയൻ, അമ്മപറമ്പിൽ വീട്, ഇളങ്കുന്നപ്പുഴ, എറണാകുളം.<br>(v) ചെല്ലപ്പൻ, കല്ലുവയയ്ക്കൽ വീട്, പൂച്ചാക്കൽ, ചേർത്തല.<br><br>അവരോരുത്തരുടേയും അടുത്ത ബന്ധുവിന് രണ്ട് ലക്ഷം രൂപ വീതം റയിൽവേ അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ മരിച്ചവരുടെ കുടുംബങ്ങൾക്ക് 3 ലക്ഷം രൂപ വീതവും ധനസഹായം അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ റെയിൽവേ ലെവൽക്രോസുകളിൽ വച്ചുണ്ടാകുന്ന അപകടങ്ങളിൽ ഇതിനകം മരണപ്പെടുകയും പരിക്കുപറ്റുകയും ചെയ്തവർ എത്ര; കണക്കുകൾ ലഭ്യമാക്കുമോ? | (സി) | 2010 മുതൽ 2012 വരെ തിരുവനന്തപുരം റയിൽവേ ഡിവിഷന്റെ കീഴിലുള്ള ആളില്ലാ ലവൽ ക്രോസിംഗുകളിൽ മൊത്തം 10 അപകടങ്ങളിലായി 13 പേർ മരിക്കുകയും ഒരാൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. പാലക്കാട് റയിൽവേ ഡിവിഷനുമായി ബന്ധപ്പെട്ട കണക്ക് ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ